"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസവകുപ്പ് - ഗവ.ലോ.കോളേജുകളിൽ അധിക ബാച്ചുകൾ അനുവദിച്ചതിനെ തുടർന്ന് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സിവിൽ)23598/2021 കേസിലെ 16/2/2023 ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(കൈ) നം.366/2023/HEDN   തീയതി,തിരുവനന്തപുരം, 22-06-2023

---

പരാമർശം:-
1. സ.ഉ.(കൈ)നം.303/2020/ഉ.വി.വ തീയതി 26/8/2020
2. സ.ഉ.(കൈ)നം.90/2021/ഉ.വി.വ തീയതി 13/2/2023
3. ബഹു.കേരള ഹൈക്കോടതിയുടെ WP(C)23598/2021 കേസിന്റെ 16/2/2023 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

പരാമർശം ഒന്ന് പ്രകാരം ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എൽ .എൽ.ബി കോഴ്സുകളിൽ ഓരോ ബാച്ചിലേയും വിദ്യാർഥികളുടെ എണ്ണം 60 ആയി നിജപ്പെടുത്തുകയും 2020-21 അദ്ധ്യയന വർഷത്തിൽ താഴെ പറയും പ്രകാരം 5 അധിക ബാച്ചുകൾ വിവിധ ഗവ.ലോ കോളേജുകളിൽ അനുവദിക്കുകയും ചെയ്തിരുന്നു.

1.ഗവ.ലോ കോളേജ്,തിരുവനന്തപുരം -പഞ്ചവത്സര എൽ.എൽ.ബി (1 ബാച്ച് )

2.ഗവ.ലോ കോളേജ്,എറണാകുളം -ത്രിവത്സര എൽ.എൽ.ബി (1 ബാച്ച് )

3.ഗവ.ലോ കോളേജ്,തൃശ്ശൂർ -ത്രിവത്സര എൽ.എൽ.ബി (1 ബാച്ച് )

4.ഗവ.ലോ കോളേജ്,കോഴിക്കോട് -ത്രിവത്സര എൽ.എൽ.ബി (1ബാച്ച് ) പഞ്ചവത്സര എൽ.എൽ.ബി (1 ബാച്ച് )

സർക്കാർ ലോ കോളേജുകളിൽ അഞ്ച് പുതിയ ബാച്ചുകൾ അനുവദിച്ചതിനനുസരിച്ച് പരാമർശം 2 പ്രകാരം 2020 -21 അധ്യയന വർഷത്തിൽ അസിസ്റ്റന്റ് പ്രൊഫസറുടെ 13 അധിക തസ്തികകൾ കൂടി സർക്കാർ ലോ കോളേജുകളിൽ ചുവടെ കൊടുത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1.ഗവ.ലോ കോളേജ്,തിരുവനന്തപുരം -അസിസ്റ്റന്റ് പ്രൊഫസർ (ലോ )-1
അസിസ്റ്റന്റ് പ്രൊഫസർ (ഇംഗ്ലീഷ് )-1

2.ഗവ.ലോ കോളേജ്,എറണാകുളം -അസിസ്റ്റന്റ് പ്രൊഫസർ (ലോ )-2 അസിസ്റ്റന്റ്

പ്രൊഫസർ (കൊമേഴ്സ്)-1
3.ഗവ.ലോ കോളേജ്,തൃശ്ശൂർ -അസിസ്റ്റന്റ് പ്രൊഫസർ (ലോ )-4
4.ഗവ.ലോ കോളേജ്,കോഴിക്കോട് -അസിസ്റ്റന്റ് പ്രൊഫസർ (ലോ )-1 അസിസ്റ്റന്റ് പ്രൊഫസർ (മാനേജ്മെന്റ് )-3
അധിക ബാച്ച് അനുവദിച്ചതിന് അനുസൃതമായി ആവശ്യമായ അദ്ധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് 2021 -22 അധ്യയന വർഷത്തിൽ ശ്രീ .അരുൺ പി.വിത്സൺ മുതൽ പേർ ബഹു.ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ബഹു.ഹൈക്കോടതിയുടെ 16/ 02 / 2023 ലെ അന്തിമ വിധിന്യായപ്രകാരം ,2008 ലെ റൂളും 1961 ലെ ആക്ടും പ്രകാരം ബാർ കൗൺസിൽ ഓഫ് ഇന്ത്യ അനുശാസിക്കുന്ന പ്രകാരമുള്ള ഫാക്കൽറ്റികളുടെ എണ്ണം ഉറപ്പുവരുത്തുന്നതിനായി ,ഉത്തരവ് പകർപ്പ് ലഭിച്ച് നാല് മാസത്തിനകം ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുവാനും കൂടാതെ അതിനു ശേഷം തസ്തികകൾ സൃഷ്ടിക്കുന്നതിനായി അടിയന്തിര നടപടികളെടുക്കുവാനും 2023 -24 അദ്ധ്യയന വര്ഷം മുതൽ ആവശ്യമായ തസ്തികകൾ ഉറപ്പുവരുത്തുന്നതിനായി സ്ഥിരനിയമനം നടത്തുവാനും ബഹു.കോടതി ഉത്തരവായി.
അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപോസൽ സംസ്ഥാനത്തെ 4 സർക്കാർ ലോ കോളേജ് പ്രിൻസിപ്പൽമാരും ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.ഹൈക്കോടതിയുടെ WP(C)23598/2021 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ഗവ .ലോ കോളേജ് പ്രിൻസിപ്പൽമാർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിലും വിവിധ സർക്കാർ ലോ കോളേജുകളിൽ താഴെപ്പറയും പ്രകാരം 26 അധിക തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം. | കോളേജിന്റെ പേര് | തസ്തികയുടെ പേര് | പുതുതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | *ഗവ.ലോ കോളേജ്,തിരുവനന്തപുരം* | *അസിസ്റ്റന്റ് പ്രൊഫസർ (ലോ )* | 2 |
| 2 | *ഗവ.ലോ കോളേജ്,തിരുവനന്തപുരം* | *അസിസ്റ്റന്റ് പ്രൊഫസർ (ഇംഗ്ലീഷ് )* | 1 |
| 3 | *ഗവ.ലോ കോളേജ്,എറണാകുളം* | *അസിസ്റ്റന്റ് പ്രൊഫസർ (ലോ )* | 7 |
| 4 | *ഗവ.ലോ കോളേജ്,തൃശ്ശൂർ* | *അസിസ്റ്റന്റ് പ്രൊഫസർ (ലോ )* | 6 |
| 5 | *ഗവ.ലോ കോളേജ്,തൃശ്ശൂർ* | *അസിസ്റ്റന്റ് പ്രൊഫസർ (മാനേജ്മെന്റ് )* | 3 |
| 6 | *ഗവ.ലോ കോളേജ്,കോഴിക്കോട്* | *അസിസ്റ്റന്റ് പ്രൊഫസർ (ലോ )* | 7 |
| ആകെ | | | 26 |

പരാമർശം മൂന്നിലെ ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

സ.ഉ.(കൈ) നം.366/2023/HEDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു പി.കെ
അഡിഷണൽ സെക്രട്ടറി

സ്വീകർത്താവ്,

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം.
2. പ്രിൻസിപ്പാൾ ഗവ.ലോ കോളേജ്,തിരുവനന്തപുരം/എറണാകുളം/തൃശൂർ/കോഴിക്കോട്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), നാഗമ്പടം ,കോട്ടയം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള , തിരുവനന്തപുരം
5. പൊതുഭരണ (എസ്‌സി )വകുപ്പ് (21/6/2023 ഇനം നം .1583 പ്രകാരം )

6.ധനകാര്യ വകുപ്പ്UO(F)1553713/EDN/C2/300/2020 FIN.തീയതി 20/5/2023പ്രകാരം

6. ഉന്നത വിദ്യാഭാസ(എഫ് )വകുപ്പ്
7. www.highereducation.kerala.
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
JOSE A
Date: 22-06-2023 17:26:35

സെക്ഷൻ ഓഫീസർ.